കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി

25(*55) ശ്രീ. എം. എം. മോനായി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ബി) എത്ര പോലീസ് സ്റ്റേഷനുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഓരോ സ്റ്റേഷൻ അതിർത്തിയിലേയും അപരിചിതരെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയിൽ എല്ലാ മേഖലകളിൽ നിന്നുമുള്ള തദ്ദേശവാസികളുടെ സഹകരണം ലഭിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ച് സംഘടിപ്പിച്ച അന്തരാഷ്ട്ര സെമിനാറിൽ കേരളത്തിലെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) ഉണ്ട്. കുറ്റകൃത്യങ്ങൾ തടയാനും പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം സൗഹൃദപരവും ദൃഢവുമാക്കുന്നതിനും ക്രമസമാധാന പരിപാലനത്തിൽ ഗുണപരമായ വലിയ മാറ്റം സൃഷ്ടിക്കുന്നതിനും ക്രമസമാധാനം സംബന്ധിച്ച് ഏതു വിവരവും ഉടനടി ഭയലേശമില്ലാതെ പോലീസിന് നൽകുന്നതിന് ജനങ്ങളെ പ്രാപ്തമാക്കാനും കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിമൂലം കഴിഞ്ഞിട്ടുണ്ട്.

(ബി) ഒന്നും രണ്ടും ഘട്ടങ്ങളിലായി 43 സ്റ്റേഷനുകളിലും മൂന്നാം ഘട്ടത്തിൽ 105 പോലീസ് സ്റ്റേഷനുകളിലും കൂടി ആകെ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി, 148 പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(സി) അപരിചിതരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും, അവരെ നിരീക്ഷിക്കുന്നതിനും കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു. ജനമൈത്രി പദ്ധതിയിലെ ബീറ്റ് ഓഫീസർമാർ മുഖാന്തരം ജനങ്ങളുമായി സഹകരിച്ച് ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തദ്ദേശവാസികളുടെ മികച്ച സഹകരണം ലഭിക്കുന്നുണ്ട്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ച് കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പ്രതിനിധികൾക്ക് ബോദ്ധ്യമാകുംവിധം വിശദീകരണങ്ങൾ നൽകിയിട്ടുള്ളതും അത് വിദേശ രാജ്യ പ്രതിനിധികളുടെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതുമാണ്.

ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള നടപടികൾ

26(*58) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. വി. എൻ. വാസവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

(സി) തീർത്ഥാടകരുടെ സുരക്ഷ, ആരോഗ്യം എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഇതിനകം എന്തെല്ലാം പദ്ധതികൾ നടപ്പാക്കി എന്ന് വെളിപ്പെടുത്തുമോ;

(ഇ) ശബരിമല മാലിന്യ വിമുക്തമാക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ-സി) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ലൈ ഓവറിന് മേൽക്കൂര നിർമ്മിച്ചു. പമ്പയിൽ അയ്യപ്പഭക്തൻമാർക്ക് വിരിവയ്ക്കുന്നതിനും വിശ്രമത്തിനുമായി 20000 .സ്കയർഫീറ്റ് വിസ്തീർണ്ണമുള്ള ഒരു പന്തൽ നിർമ്മിച്ചു. പരമ്പരാഗത പാതയിൽ അപ്പാച്ചിമേട് ഭാഗത്തെ കഠിനമായ കയറ്റം കുറച്ച് പാത കോൺക്രീറ്റ് ചെയ്തു. പടികളും ബാരിക്കേഡുകളും നിർമ്മിച്ചു അപ്പാച്ചിമേട് നീലിമല ഭാഗത്ത് നാല് സ്ഥലങ്ങളിലായി കാനന പാതയിൽ മേൽക്കൂര നിർമ്മിച്ചു. അപ്പാച്ചിമേട്ടിൽ വിശ്രമ കേന്ദ്രം നിർമ്മിച്ചു. പമ്പ നിലയ്ക്കൽ, ശബരിമല എന്നിവിടങ്ങളിൽ 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തിവരുന്നു. ശബരിമല ഉത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ പോലീസ് ക്രമീകരണങ്ങളുടെ നേതൃത്വം വഹിക്കുന്നതിന് ചീഫ് പോലീസ് കോ-ഓർഡിനേറ്റർ ആയി ദക്ഷിണമേഖല അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്.-നെയും പോലീസ് കോ-ഓർഡിനേറ്റർ ആയി തിരുവനന്തപുരം റെയ്ഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എ. ഹേമചന്ദ്രൻ ഐ.പി.എസ്.-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ലെയ്സൺ ഓഫീസർ ആയി പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly